ഈ ലഘുലേഖയുടെ തലക്കെട്ടിൽ പറഞ്ഞിരിക്കുന്നതു പോലെ താങ്കൾ വളരെ ജോലി തിരക്കുള്ള ഒരു വ്യക് തി ആയിരിക്കാം. സുവിശേഷം കേൾക്കുവാൻ സമയമോ താല് പര്യമോ ഇല്ലാത്ത വ്യക് തിയും ആയിരിക്കാം. എന്നാൽ നിനയാത്ത നാഴികയിൽ മരണം നിന്നെ പിടികൂടും. മരണത്തിൻെറ മുൻപിൽ ഒഴുവുകഴിവുകൾ പറയുവാൻ നിനക്കു് കഴിയുകയില്ല. മരണം നിശ് ചയം സമയം നിശ് ചയമില്ലായെന്നു മാത്രം. നിനയാത്ത നാഴികയിൽ മരണം നിന്നെ പിടികുടുമ്പോൾ "ഹേ മരണമേ, നിൻെറ ജയം എവിടെ? ഹേ മരണമേ, നിൻെറ വിഷമുള്ളു എവിടെ?" ( 1 കൊരിന്ത്യർ 15:55 ) എന്നു ധൈര്യത്തോടെ നിനക്കു് പറയുവാൻ കഴിയുമോ?. കർത്താവായ യേശുക്രസ് തുവിനെ സ്വന്തരക്ഷിതാവായി സ്വീകരിച്ച ഒരു വ്യക് തിയ് ക്കു മാത്രമേ ഇപ്രകാരം ധൈര്യപൂർവം പറയുവാൻ കഴികയുള്ളു.

പ്രിയ സുഹൃത്തേ!, സമയം താങ്കൾക്കുവേണ്ടി കാത്തുനില് ക്കുകയില്ല. ഇപ്പോൾ തന്നെ **ഒരു തീരുമാനത്തിൽ എത്തിച്ചേരുക.** കർത്താവായ യേശുക്രസ് തുവിനെ സ്വന്തരക്ഷിതാവായി സ്വീകരിച്ചു് ഒരു ദൈവപൈതലായി തീരുവാൻ ദൈവം താങ്കൾക്കു കൃപ നൽകുമാറാകട്ടെ. ആമേൻ.

*(By: Rev. Babu K. Iype, USA)*

*ഈ വിഷയങ്ങളെക്കുറിച്ചു് കൂടുതൽ അറിയുവാൻ നിങ്ങൾക്കു് ആഗ്രഹമുണ്ടെങ്കിൽ താഴെ കാണുന്ന വിലാസത്തിലോ ഫോൺ നമ്പരിലോ ബന്ധപ്പെടുക.*

# വളരെ ജോലിത്തിരക്ക്

**ഉപദേശി:** *"താങ്കളുടെ ആത്മാവിനെക്കുറിച്ചു് സംസാരിക്കുവാൻ ഒരു നിമിഷം അനുവദിക്കുമോ?"*




**മരണം:** *"മനുഷ്യാ, ഇതാ നിൻെറ സമയമായി നിന്നെ കൊണ്ടു പോകുവാനായിട്ടാണ് ഞാൻ വിന്നിരിക്കുന്നത്."*

**ധനവാൻ:** *"ഇപ്പോൾ അരുതേ, എനിക്ക് അല്പം കൂടി സമയം തരണമേ!."*

**മരണം:** *"ഇല്ല, ഞാൻ വളരെ ജോലി തിരക്കിലാണ്"*

ശാസ്ത്ര സാങ്കേതിക വിദ്യകളുടെ അത്യുച്ചകോടിയിൽ എത്തിയിരിക്കുന്ന ആധുനീക ലോകം. അതിൻെറ നടുവിൽ ഭൗതീക ഉന്നതിക്കുവേണ്ടി വിശ്രമമില്ലാതെ രാപകൽ പണിയെടുക്കുന്ന ആധുനീക മനുഷ്യൻ. ഭൗതീക ഉന്നതിയിൽകൂടി ജീവിതത്തിൽ എല്ലാം നേടുവാൻ കഴിയുമെന്നാണു മനുഷ്യൻെറ കണക്കുകൂട്ടൽ. പണവും സമ്പത്തും പ്രതാപവും ജിവിതത്തിൻെറ എല്ലാ പ്രശ്നങ്ങളുടേയും ഉത്തരമായി മനുഷ്യൻ കാണുന്നു. എങ്ങനെയെങ്കിലും കുറച്ച പണം സമ്പാദിച്ചു് ജീവിത പ്രശ്നങ്ങൾക്കു പരിഹാരം കാണുവാൻ ഇന്നത്തെ മനുഷ്യൻ വെമ്പൽ കൊള്ളുന്നു.

ഇപ്രകാരം ഭൗതീക വിഷയത്തിൽ മാത്രം ശ്രദ്ധവച്ചു മുന്നോട്ടുപോകുന്ന മനുഷ്യൻെറ യാത്ര പലപ്പോഴും പരാജയത്തിൽ ചെന്നു അവസാനിക്കുന്നു. അതിൻെറ കാരണം മറ്റു സകല സൃഷ്ടികളേക്കാളും വ്യത്യസ്തതയോടു കൂടെയാണു മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതു. മനുഷ്യൻെറ ആത്മാവു് അവനെ മറ്റു എല്ലാ സൃഷ്ടികളിൽനിന്നും വ്യത്യസ്തനാക്കിതീർക്കുന്നു. മനുഷ്യനിലെ ആത്മാവു നിത്യമാണു. എല്ലാ ജീവികളുടേയും അന്ത്യം മരണത്തോടു കൂടെ അവസാനിക്കുമ്പോൾ മനുഷ്യജീവിതം അങ്ങനെ അവസാനിക്കുന്നില്ലെന്നു വേദപുസ്തകം വെളിപ്പെടുത്തുന്നു. എന്നാൽ ഈ സത്യം മനസ്സിലാക്കാതെ മനുഷ്യൻ താല്ക്കാലിക വിഷയങ്ങൾക്കു പിന്നാലെ പരക്കം പായുകയാണു.

സാത്താൻ പ്രയോഗിക്കുന്ന ഏറ്റവും വലിയ തന്ത്രം ജീവിതത്തിൽ പ്രാധാന്യം കൂടിയ വിഷയങ്ങളിൻനിന്നും നമ്മുടെ ശ്രദ്ധപതറിച്ചുകൊണ്ടു് പ്രാധാന്യം കുറഞ്ഞ വിഷയങ്ങളിലേക്കു് ശ്രദ്ധയെ തിരിച്ചുവിടുകയാണു്. സാത്താൻെറ് ഈ തന്ത്രത്തിൽ മനുഷ്യൻ പലപ്പോഴും കുടുങ്ങിപോകുന്നതായി കാണുവാൻ കഴിയും.

വിശുദ്ധ വേദപുസ്തകം വളരെ വ്യക്തമായി വെളിപ്പെ ടുത്തുന്ന ഒരു സത്യമുണ്ടു. “ഒരു മനുഷ്യൻ സർവ്വലോകവും നേടുകയും തൻെറ ജീവനെ കളയുകയും ചെയ്താൽ അവനു എന്തു പ്രയോജനം.? ( മർക്കൊസ് 8:36 ) ഒരു മനുഷ്യൻെറ ആത്മാവ് ഈ മുഴു ലോകത്തേക്കാളും വിലയേറിയതാണെങ്കിൽ, പ്രിയ സുഹൃത്തേ ഈ ആത്മാവിനുവേണ്ടി എന്തെങ്കിലും ചെയ്യുവാൻ നിനക്കു കഴിഞ്ഞിട്ടുണ്ടോ?. നിത്യവും നിലനില്ക്കുന്നതുമായ ആത്മാവിനെ നഷ്ടമാക്കികൊണ്ടു് ജീവിതത്തിൽ എന്തു നേടിയാലും അതു അർത്ഥ ശൂന്യമെന്ന് വേദപുസ്തകം വെളിപ്പെടുത്തുന്നു.

ആദിയിൽ ദൈവത്തിൻെറ സ്വരൂപത്തിലും സാദൃശ്യത്തിലും സ്രഷ്ടിക്കപ്പെട്ട ആദാമും ഹവ്വയും പാപമില്ലാതെയാണു സ്രഷ്ടിക്കപ്പെട്ടതു്. എന്നാൽ മനുഷ്യൻ പാപം ചെയ്തിൻെറ ഫലമായി ദൈവസന്നധിവിൽ നിന്നും പുറത്താക്കപ്പെട്ടു. ഇപ്രകാരം പാപം ചെയ്തു ദൈവസന്നിധിയിൽ നിന്നും പുറത്താക്കപ്പെട്ട മനുഷ്യനെ ദൈവത്തിങ്കലേക്കു് അടുപ്പിക്കുവാൻ ദൈവത്തിൻെറ ഏകജാതനായ പുത്രനായ യേശുക്രിസ്തു സ്വർഗ്ഗ മഹിമകളെ വെടിഞ്ഞു ഈ താണ ലോകത്തിലേക്കു് ഇറങ്ങിവന്നു. പാപിയായ മനുഷ്യൻ മരിക്കേണ്ട സ്ഥാനത്തു് മാനവജാതിയുടെ സകല പാപവും വഹിച്ചുകൊണ്ടു് യേശുക്രിസ്തു കാൽവറിയിൽ യാഗമായിത്തീർന്നു. വേദപുസ്തകം പറയുന്നു: “യേശുവിനെ കർത്താവു എന്നു വായുകൊണ്ടു് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേല്പിച്ചു എന്നു ഹൃദയം കൊണ്ടു വിശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും.” ( റോമർ 10:9 )

മരണാനന്തരമുള്ള ഒരു പ്രക്രിയയിൽകൂടിയും ഒരുവൻെറ ആത്മാവിനെ സ്വർഗ്ഗത്തിൽ എത്തിക്കുവാൻ കഴികയില്ലായെന്ന് വേദപുസ്തകം വളരെ വ്യക്തമായി വെളിപ്പെടുത്തുന്നു. “അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും അതിനുതക്കവണ്ണം പ്രാപിക്കേണ്ടതിനു് നാം എല്ലാവരും ക്രിസ്തുവിൻെറ ന്യായാസനത്തിൻെറ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു. ( 2 കോരിന്ത്യർ 5:10 )